(ഇ) ഇത് കൃഷിക്കാരെ ബോദ്ധ്യപ്പെടുത്താൻ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ?

ഉത്തരം

(എ) കേരളത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ഉടമസ്ഥതയിൽ വിത്തുല്പാദന കേന്ദ്രങ്ങളൊന്നും തന്നെയില്ല. കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആറളം സെൻട്രൽ സ്റ്റേറ്റ് ഫാമും കേരള സർക്കാരിന്റെ കീഴിൽ കൃഷി വകുപ്പുവക 61 ഫാമുകളും വിത്തുല്പാദന കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നു. പേരും സ്ഥലവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധത്തിൽ ചേർക്കുന്നു.†

(ബി) കൃഷിവകുപ്പിന്റെ കീഴിൽ നാളികേര വിത്തുല്പാദന കേന്ദ്രങ്ങളായി കൃഷി പ്രദർശന കേന്ദ്രം ചാലോടും, സീഡ്ഗാർഡൻ കോംപ്ലക്സ് മുണ്ടേരിയും പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ വടകര, ചാവക്കാട്, മലപ്പുറം എന്നിവിടങ്ങളിലും നാളികേര വിത്തുസംഭരണ കേന്ദ്രങ്ങൾ നിലവിലുണ്ട്.

(സി) ഡബ്ല്യൂ, സി.റ്റി, ടിxഡി, ഡിxറ്റി എന്നിവയാണ് പ്രധാന നാളികേര വിത്തുതേങ്ങായിനങ്ങൾ

(ഡി) കൃഷിവകുപ്പ് രോഗവിമുക്ത പ്രദേശങ്ങളിൽനിന്നും സംഭരിക്കുന്ന ഡബ്ളിയു. സി.റ്റി. ടിxഡി, ഡിxറ്റി എന്നീ വിത്തുതേങ്ങകൾ പാകി മുളപ്പിക്കുന്ന തൈകൾ കഴിഞ്ഞ 50 വർഷമായി ഫലപ്രദമായി ഉപയോഗിക്കുകയാണ്.

(ഇ) ഉണ്ട്. വിവിധ കർഷക സെമിനാറുകളുടേയും കൃഷിഭവനുകളുടെ ഫീൽഡ് പ്രവർത്തകരിലൂടെയും ഫാം ഇൻഫർമേഷൻ ബ്യൂറോ മുഖേനയും ഇതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

112(1078) റബ്ബറിന്റെ വില വർദ്ധിപ്പിക്കാനുള്ള നടപടി

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് റബ്ബറിന്റെ വില വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സിംഗപ്പൂരിലേക്ക് അൻപതിനായിരം ടൺ റബ്ബർ കയറ്റി അയക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നുവോ;

(സി) എങ്കിൽ ഇതുമൂലം ഗവൺമെന്റിന് ഉണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ:

(ഡി) നഷ്ടം സഹിച്ചും റബ്ബർ കയറ്റുമതി ചെയ്യാൻ വേണ്ടിയുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കഴിഞ്ഞ വർഷം മാർക്കറ്റ് വിലയേക്കാൾ ഒരു കിലോക്ക് 2 രൂപ അധികം നൽകി റബ്ബർ സംഭരിച്ച് കയറ്റി അയക്കുന്നതിന് റബ്കോ, റബ്ബർ മാർക്ക്, വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നീ സംഭരണ ഏജൻസികളെ ചുമതലപ്പെടുത്തി. അങ്ങനെ കയറ്റി അയക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കാനും തീരുമാനിച്ചു. കൈകാര്യ ചെലവിനായി കിലോക്ക് 40 പൈസയും നൽകിയിരുന്നു. റബ്ബറിനെ വാങ്ങൽ നികുതിയിൽനിന്നും ഒഴിവാക്കി. 20 കോടിയിലേറെ രൂപ ഈ ഇനങ്ങളിലായി സർക്കാരിനു ബാദ്ധ്യതയുണ്ടായി. കൂടാതെ ഈ സീസണിൽ ഒരു കിലോ റബ്ബറിന് 50 പൈസ അധികം നൽകി 50,000 ടൺ റബ്ബർ സംഭരിക്കുവാൻ റബ്കോ റബ്ബർ മാർക്ക് എന്നീ സംഭരണ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൈകാര്യ ചെലവിനായി കിലോക്ക് 50 പൈസ നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, പ്ളാന്റേഷൻ കോർപ്പറേഷൻ/റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ എന്നിവ ഉല്പാദിപ്പിക്കുന്ന മൊത്തം ലാറ്റക്സിന്റെ 25% കയറ്റി അയക്കുവാനും അതിൽ നഷ്ടം ഉണ്ടായാൽ അത് സർക്കാർ വഹിക്കുവാനും ഉത്തരവായി. സ്വാഭാവിക റബ്ബറിന്റെ സൂചിതവില 55 രൂപയായി പ്രഖ്യാപിക്കണമെന്നും സൂചിതവിലക്ക് 40,000 മെട്രിക് ടൺ റബ്ബർ സംഭരിച്ച് കയറ്റുമതി ചെയ്യാൻ എസ്.റ്റി.സി. ക്ക് നിർദ്ദേശം നൽകണമെന്നും റബ്ബറിന്റെ ഇറക്കുമതി നിർത്തൽ ചെയ്തത് തുടരണമെന്നും റോഡുകൾ റബ്ബറൈസ്ഡ് ചെയ്യാൻ നടപടി സ്വീകരിക്കണമെന്നും റബ്ബറധിഷ്ഠിത വ്യവസായത്തിന് പ്രോൽസാഹനം നൽകണമെന്നും റബ്ബർ വില നിലവാരം പിടിച്ചുനിർത്താൻ ബഫർസ്റ്റോക്ക് ഉണ്ടാകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബറധിഷ്ഠിത വ്യവസായം തുടങ്ങാൻ പ്ളാന്റേഷൻ കോർപ്പറേഷൻ തുടക്കമിട്ടു കഴിഞ്ഞു. 50,000 മെട്രിക് ടൺ റബ്ബർ സിംഗപ്പൂരിലേക്ക് കയറ്റി അയയ്ക്കുവാനുള്ള സാദ്ധ്യത റബ്ബർ ബോർഡ് ചെയർമാനാണ് ഗവൺമെന്റിനെ അറിയിച്ചത്. ഈ തീരുമാനം നടപ്പിലാക്കുവാൻ റബ്ബർ ബോർഡിന് അനുമതി നൽകുകയും സർക്കാർ എല്ലാ സഹായങ്ങളും നൽകാമെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. കാർഷികോല്പാദന കമ്മീഷണർ അദ്ധ്യക്ഷനായി ഈ കാര്യം മോണിറ്റർ ചെയ്യുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്.

എല്ലാ മാസവും ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി റബ്ബർ സംഭരണ പുരോഗതി വിലയിരുത്തുന്നുണ്ട്.

(ബി)-(ഡി)സിംഗപ്പൂർ കമ്പനിയുടെ വില തുടങ്ങിയ വ്യവസ്ഥകളുടെ വിവരം ലഭ്യമായിട്ടില്ല. റോഡുകൾ റബ്ബറൈസ്ഡ് ചെയ്യുന്നത് പ്രായോഗികമാക്കുവാൻ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ പൊതുമരാമത്തു വകുപ്പു മന്ത്രിമാരുടെ ഒരു സമ്മേളനം സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

113 (1079) പുതിയ റബ്ബർ മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പ്ളാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള റബ്ബർ തോട്ടങ്ങളിൽ പഴയ റബ്ബർ മരങ്ങൾ മുറിച്ചുമാറ്റി പുതിയ മരങ്ങൾ വച്ചുപിടിപ്പി

LIBRARY ARCHIVES Kerala Legislative Assembly